(ബി) തൊഴിൽ തർക്കംമൂലം സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളൊന്നും പൂട്ടിക്കിടക്കുന്നില്ല. എന്നാൽ 31-3-2000 വരെയുള്ള കണക്കനുസരിച്ച് സമരം മൂലം 5 വ്യവസായ സ്ഥാപനങ്ങളും ലോക്കൗട്ട് മൂലം 17 വ്യവസായ സ്ഥാപനങ്ങളും ലേ ഓഫ് മൂലം 12 വ്യവസായ സ്ഥാപനങ്ങളും സംസ്ഥാനത്ത് പൂട്ടിക്കിടക്കുന്നുണ്ട്.

വൈദ്യുതിക്ഷാമംമൂലം വ്യവസായ മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

7 (2004) ശ്രീ. കെ. ബാബു :
ശ്രീ. കെ. പി. വിശ്വനാഥൻ :
ശ്രീമതി രാധാരാഘവൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് നിലനിൽക്കുന്ന വൈദ്യുതിക്ഷാമംമൂലം വ്യവസായ മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് എപ്രകാരം പരിഹാരം കാണാൻ ഉദ്ദേശിക്കുന്നു ?

ഉത്തരം

വൈദ്യുതി പ്രസരണ-വിതരണ ശൃംഖലയുടെ ശേഷിക്കുറവ് മൂലം ജില്ലാ ആസ്ഥാനങ്ങൾ ഒഴികെയുള്ള സ്ഥലങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ള ലോഡ് ഷെഡിംഗ് ഇപ്പോഴും തുടരുന്നു. പ്രസരണ-വിതരണ ശൃംഖല ശക്തിപ്പെടുത്തുന്ന ജോലികൾ വിദ്യുച്ഛക്തി ബോർഡ് ദ്രുതഗതിയിൽ നടത്തിവരുന്നുണ്ട്. അത് പൂർത്തിയാകുന്നതോടെ വ്യവസായ മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

സംസ്ഥാനത്തുനിന്നും മാറ്റപ്പെട്ട വ്യവസായ സ്ഥാപനങ്ങൾ

8 (2005) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരുന്ന ഏതെങ്കിലും വ്യവസായ സ്ഥാപനങ്ങൾ സംസ്ഥാനത്തുനിന്നും അന്യസംസ്ഥാനങ്ങളിലേയ്ക്ക് മാറ്റിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

തീപിടിത്തത്തെ തുടർന്ന് അടച്ചുപൂട്ടിയ കഞ്ചിക്കോട് പ്രവർത്തിച്ചിരുന്ന മാസ്കമ്പസ്റ്റിബിൾ പാക്ക് ലിമിറ്റഡ് എന്ന കമ്പനി ഹൈദ്രാബാദിൽ പുതിയതായി പാർക്ക് സ്ഥാപിച്ച് ഈ ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly